# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) 847/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 30/07/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

Vigil

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) 847/2025 തീയ്യതി: 30/07/2025

## തൃശ്ശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2024 മുതൽ 11-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ എസ്. | ജോയിന്റ് ഡയറക്ടർ | 16-06-2025 | 20-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-06-2025 | 20-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രസാദ് പി. (ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ)
ഹണി കെ. എസ്. (ഓഡിറ്റ് ഓഫീസർ)
ദിവ്യ എസ്. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ജിഷ കെ. ടി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലീല രാമകൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| അഫ്സൽ പി. എൻ. | സെക്രട്ടറി | 01-04-2024 | 30-08-2024 |
| ജോസഫ് ടി. കെ. | സെക്രട്ടറി | 31-08-2024 | 01-09-2024 |
| മിനി തോമസ് പി. | സെക്രട്ടറി | 02-09-2024 | 15-10-2024 |
| ലേഖ വി. | സെക്രട്ടറി | 16-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ചാന്ദിനി വി. ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| സന്ധ്യ കെ. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| സിനി ടി. ഡി. | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശരണ്യ സി. ജി. | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| പ്രതീഷ് വി. എസ്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2024 | 31-03-2025 |
| ശ്രീജിത്ത് പി. ആർ. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ജോബ് സി. ഒ. | സൂപ്രണ്ട്, സി.എച്ച്.സി, തോളൂർ | 01-04-2024 | 31-03-2025 |
| മിഥുൻ കെ. | അസിസ്റ്റൻറ് സർജൻ, എഫ്.എച്ച്.സി പാമ്പൂർ | 01-04-2024 | 26-03-2025 |
| സന്തോഷ് പി. എസ്. | അസിസ്റ്റൻറ് സർജൻ, എഫ്.എച്ച്.സി പാമ്പൂർ | 27-03-2025 | 31-03-2025 |
| മഞ്ജുഷ ടി. വി. | ക്ഷീര വികസന ഓഫീസർ | 01-04-2024 | 30-06-2024 |
| ജാസ്മിൻ സി. ജെ. | ക്ഷീര വികസന ഓഫീസർ (അഡീഷണൽ ചാർജ്) | 01-07-2024 | 19-07-2024 |
| ജാസ്മിൻ സി. ജെ. | ക്ഷീര വികസന ഓഫീസർ | 20-07-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | CFC Grant Tied, Untied ഇനങ്ങളിലെ ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | B-2 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഫണ്ട് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | ക്യാഷ് പരിശോധന | 1-5 |
| 14 | അഭ്യന്തര നിയന്ത്രണം | 1-6 |
| 15 | സംരംഭക ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം-തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-7 |
| 16 | ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല - 47800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-8 |
| 17 | നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിച്ചില്ല. പിഴയിനത്തിൽ കുറവ് വന്ന തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി | 1-9 |
| 18 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല | 1-10 |
| 19 | പാനമുറി നിർമ്മാണം-പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ് | 1-11 |
| 20 | സർക്കാർ ഉത്തരവിന് അനുസൃതമായി കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-12 |
| 21 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-13 |
| 22 | സംയുക്തപ്രോജക്ടുകൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-14 |
| 23 | തുക മുൻകൂറായി കൈമാറിയിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-15 |
| 24 | താൽക്കാലികഫാർമസിസ്റ്റിന് വേതനം അധികം നൽകി- 13600 രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 25 | ഒരേ ആവശ്യങ്ങൾക്കായി ഒന്നിലധികം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു | 1-17 |
| 26 | ആരോഗ്യമേഖലയും ഹെൽത്ത് ഗ്രാന്റ് വിനിയോഗവും | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

i) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2025 തീയതിയിലെ 5/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 02.06.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 30.07.2025**

**ജോയിന്റ് ഡയറക്ടർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

**1. മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.**

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം വിവിധ കുടിവെള്ള പദ്ധതികളുടെ

നിർവ്വഹണത്തിനായി ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 67/25 – പ്രകൃതി കുടിവെള്ളപദ്ധതി-കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് 7 | 48000 | 22400630/ 30.03.2025 | **230500501**- Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks Etc.) | 460500204- Advance To Implementing Agencies- Deposit With Ground Water Department |
| 2 | 27/25 തുരുത്ത് കുടിവെള്ള പദ്ധതി- കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് 1 | 47000 | 22400629/ 30.03.2025 | | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.03.2025 വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത ചെലവ് തുകകൾ 2025-26 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ/ഉചിതമായ ആസ്തി ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു

2024-25 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|
| 1 | 61/25 സി.എച്ച്.സി തോളൂർ | 484314 | 22400715/ 05.07.2024 | ലഭ്യമായിട്ടില്ല | 484314 | 251200101- PHC,CHC & Other |

| | | | | | | |
|---|---|---|---|---|---|---|
| | ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്നും അനുബന്ധ സാമഗ്രികൾ വാങ്ങൽ | | | | | Hospitals/ Dispensaries -General |
| 2 | 57/25 സെക്കണ്ടറി പാലിയേറ്റീവ് കെയർ പരിപാടി | 199950 | 22401029/ 19.03.2025 | ലഭ്യമായിട്ടില്ല | 199950 | 251200101-PHC,CHC & Other Hospitals/ Dispensaries -General |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത, 31.3.2025 വരെ മരുന്നുകൾ ലഭ്യമാകാത്ത ചെലവ് തുകകൾ 2024-25 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8114717 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10698338 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-4 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല.

| ക്രമ നമ്പർ | ശീർഷകം | 31.03.2025 ലെ മൂല്യം |
|---|---|---|
| 1 | 410300301- Culverts | 7,79,480 |
| 2 | 410300302- Bridges | 12,63,328 |

മേൽ സൂചിപ്പിച്ചവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ അല്ലാത്തതിനാൽ വാർഷിക കണക്കിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-5 CFC Grant Tied, Untied ഇനങ്ങളിലെ ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു**

CFC Grant Tied, Untied ഇനങ്ങളിലെ ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഡെവലപ്മെന്റ് ഫണ്ട്-CFC Tied, Untied എന്നീ ഫണ്ടുകളുടെ 2024-25 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/സുലേഖ പത്രിക പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ | ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ ഐ-6 | വ്യത്യാസം |
|---|---|---|---|

| | സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | പ്രകാരമുള്ള ചെലവ് | |
|---|---|---|---|
| ഡെവലപ്മെന്റ് ഫണ്ട്-CFC Grant Tied | 55,59,705 | 55,89,909 | 30,204 |
| ഡെവലപ്മെന്റ് ഫണ്ട്-CFC Grant Untied | 23,33,204 | 24,32,247 | 99,043 |

31.03.2024ന് മുൻപ് പാസ്സായ ബില്ലുകളുടെ ഡിഡക്ഷൻ തുകകൾ 2024-25ലും 31.03.2025ന് മുൻപ് പാസ്സായ ബില്ലുകളുടെ ഡിഡക്ഷൻ തുകകൾ, 2025-26ലും ഒടുക്കിയതിനാലാണ് ഇപ്രകാരം ചെലവു തുകകൾ വ്യത്യാസപ്പെട്ടിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം. 4/19.06.2025)

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-7 B-2 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി2, ബി-4 എന്നിവ പ്രകാരം പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ ബി2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പ്രസ്തുത ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിന്റെ ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ശീർഷകം | ഷെഡ്യൂൾ ബി2 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് അക്കൗണ്ട് | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| 311710199-Other Trust Or Agency Funds | 6,315 | 450420101-Kerala Gramin Bank | 6,165 |

### 1-1-8 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് വർഷത്തിലധികമായ ഡെപ്പോസിറ്റ് തുകകൾ അവശേഷിക്കുന്നതായി കാണുന്നു. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഇനം | വർഷം | തുക |
|---|---|---|---|
| 340100102 | Suppliers' Earnest Money Deposit | 2020-21 | 2,000 |
| 340100103 | Bidders' Earnest Money Deposit | 2020-21 | 5,210 |
| 340100201 | Contractors' Security Deposit | 2012-13 | 24,750 |
| 340109901 | Other Deposits | 2014-15 | 4,498 |

കേരള ഫിനാൽഷ്യൽ കോഡ് വോള്യം-1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ചു നൽകേണ്ട തീയതിക്ക് ശേഷം മൂന്ന് വർഷത്തിലധികമായി അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തിയ്യതി | 07.02.2024 | |
| കമ്മിറ്റി തീരുമാനം | 2/2 | |
| പ്രതീക്ഷിത വരവ്/ചെലവ് | വരവ് | ചെലവ് |
| | 16,71,55,125 | 16,60,52,325 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തിയ്യതി | 24.02.2025 | |
| കമ്മിറ്റി തീരുമാനം | 1/1 | |
| പ്രതീക്ഷിത വരവ് /ചെലവ് | വരവ് | ചെലവ് |
| | 22,29,66,959 | 21,04,66,630 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 2,33,52,000 | 2,33,52,000 | 2,33,52,000 | 0 |
| വികസന ഫണ്ട് SCP | | 0 | 1,42,08,000 | 1,42,08,000 | 1,24,92,224 | 17,15,776** |
| മെയിൻറനൻസ് നോൺറോഡ് | | 0 | 73,14,000 | 73,14,000 | 72,71,952 | 42,048** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബേസിക് ഗ്രാന്റ് | 550286 | 40,77,420<br>39,34,392+1,43,028 Int Amount | 46,27,706 | 24,32,247 | 21,95,459* |
| | ടൈഡ് ഗ്രാന്റ് | 41300 | 86,88,000 | 87,29,300 | 55,89,909 | 31,39,391* |
| | ഹെൽത്ത് ഗ്രാന്റ് | 2073394 | 42,72,621<br>42,17,000+55,621 Int Amount | 63,46,015 | 20,43,092 | 43,02,923* |
| PYCKA | | 207005 | 5,634 | 2,12,639 | 0 | 2,12,639* |
| Nirmal Bharath Abhiyan (TSC) | | 112738 | 3,220 | 1,15,958 | 0 | 1,15,958* |
| നിർമ്മൽ പുരസ്കാർ | | 535339 | 14,548 | 5,49,887 | 3,00,172 | 2,49,715* |
| IAY State Share | | 22970 | 625 | 23,595 | 0 | 23,595* |

(വാർഷിക കണക്ക് പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.)

കുറിപ്പുകൾ

സി.എഫ്.സി ഗ്രാന്റിനത്തിലെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. (ഖ.1-1-5 കാണുക)

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി - അടങ്കൽ തുക | നടപ്പിലാക്കിയത് (എണ്ണം) | നടപ്പിലാക്കിയ പദ്ധതി ചെലവ് - തുക | നടപ്പിലാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 178 | 10,11,18,231 | 137 | 6,01,48,141 | 59% | 77% |

**1-5 ക്യാഷ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2025 തിയ്യതിയിൽ 12.00 PM ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2000 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-6 അഭ്യന്തര നിയന്ത്രണം**

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ ഭൂഗർഭ ജല വകുപ്പിന്റെ ഏതാനും വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ കുടിവെള്ളത്തിനായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതായി വിനിയോഗ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതായി കാണുന്നില്ല. Balance Sheet B-18 Schedule പ്രകാരം ഭൂഗർഭ ജല വകുപ്പിൽ ബാലൻസായി 48,42,187 രൂപയുണ്ട്. പ്രൊജക്ടിന്റെ പേര് വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് വർഷം പഞ്ചായത്ത് നിക്ഷേപിച്ച തുകയെന്ന് വ്യക്തമല്ല. മാത്രവുമല്ല ഭൂഗർഭ വകുപ്പിൽ നിന്നും ഇനിയും ലഭിക്കാനുള്ള തുകയെ സംബന്ധിച്ച് വ്യക്തമായ രേഖകൾ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമില്ലെന്നാണ് പരിശോധനയിൽ മനസ്സിലാകുന്നത്. ഇത് അഭ്യന്തര നിയന്ത്രണം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്നാണ് സൂചിപ്പിക്കുന്നത്. ഏതാനും വിനിയോഗ സാക്ഷ്യപത്രത്തിന്റെ പരിശോധിച്ചതിന്റെ ഉദാഹരണം താഴെ നല്കുന്നു.

| ക്രമ നമ്പർ | വിനിയോഗ സാക്ഷ്യ പത്ര നമ്പർ | കുടിവെള്ള പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 01 | DGT/1672/2019/(A)/27.02.25 | ചോട്ടുപാറ-വളംകുന്ന് കുടിവെള്ള പദ്ധതി-മുള്ളങ്കുന്നത്തുകാവ് | 9,70,000 | 1,95,568 | 77,442 |
| 02 | GWDTSR/820/024/SCK/27.02.25 | വെള്ളപ്പായ 4 സെന്റ് കോളനി കുടിവെള്ള പദ്ധതി | 11,60,000 | 2,83,565 | 8,76,435 |

31.03.2025വരെ ഭൂഗർഭജല വകുപ്പിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദവിവരവും ആയതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 2/19.06.2025) 20.06.2025 തിയ്യതിയിൽ ലഭിച്ച മറുപടിയിൽ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക മറ്റ് കുടിവെള്ള പദ്ധതികൾക്കായി പ്രയോജനപ്പെടുത്തുമെന്ന് അറിയിച്ചു. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക മറ്റു കുടിവെള്ള പദ്ധതിക്ക് പ്രയോജനപ്പെടുത്തുകയോ അല്ലാത്ത പക്ഷം അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-7 സംരംഭക ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം-തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്**

പ്രൊജക്റ്റ് നം. - 90/25

പ്രൊജക്റ്റിന്റെ പേര് – സംരംഭക ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 4,07,500 (വികസന ഫണ്ട്-ജനറൽ)

ചെലവ് - 4,07,500

| വൗച്ചർ നമ്പർ/തിയ്യതി | തുക |
|---|---|

| | |
|---|---|
| 22400680/17.05.2025 | 1,57,500 |
| 22400672/15.05.2025 | 2,50,000 |
| ആകെ | 4,07,500 |

മേൽ പ്രൊജക്റ്റ് പ്രകാരം 2 സംരംഭക ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആകെ 4,07,500 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൽ കിസാൻ മിത്ര എന്ന ഗ്രൂപ്പിന് Mushroom Cultivation And Processing Unit ആരംഭിക്കുന്നതിനായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ മുഖവര ബ്രാഞ്ചിൽ നിന്നും 3,00,000 രൂപ വായ്പ അനുവദിച്ചതിനാൽ 1,57,500 (വായ്പ തുകയുടെ 50%) രൂപ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ ബാങ്കിൽ നിന്ന് യഥാസമയം വായ്പ ലഭിക്കാത്തതിനാൽ കിസാൻ മിത്ര എന്ന ഗ്രൂപ്പ് മേൽ സംരംഭം ഉപേക്ഷിച്ചതിനാൽ സബ്സിഡി തുക പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് 10.04.2025ന് ട്രാൻസ്ഫർ ചെയ്തതായി സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഇമെയിൽ അയച്ചതായി ഫയൽ പരിശോധനയിൽ കാണുന്നു. എന്നാൽ ആയത് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത രേഖകൾ ഹാജരാക്കാനും സബ്സിഡി തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2025) പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന്റെ മിസല്ലേനിയസ് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെന്നും സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് ചലാൻ ജനറേറ്റ് ചെയ്യുകയും കെ സ്മാർട്ടിലെ സാങ്കേതിക തകരാർ മൂലം ആയതിന് സാധിച്ചിട്ടില്ലെന്നും തകരാർ പരിഹരിച്ച് ഉടനെ തന്നെ തുക സർക്കാരിലേക്ക് ഒടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-8 ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല – 47800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവഹണഉദ്യോഗസ്ഥൻ -- മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, തോളൂർ

105/25 – സി.എച്ച്.സി തോളൂരിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റിന് സുലേഖ ചെലവ് പത്രിക പ്രകാരം 76300 രൂപ ചെലവുണ്ട്. എന്നാൽ ഓഡിറ്റിന് താഴെ ചേർത്ത പ്രകാരം 28,500 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

വൗച്ചർ നം. 22400727/ 26.7.24 – 22,000

22400791/ 26.10.24 – 6,500

ഈ പ്രോജക്റ്റിൽ വൗച്ചർ നം. 22400651/ 13.5.24 – 43,600, 22400665/ 13.5.24 – 4,200 രൂപ എന്നീ ചെലവുകളുമുണ്ട്. എന്നാൽ ഈ വൗച്ചറുകൾ പ്രകാരമുള്ള ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നം. 7/20.6.25)
രേഖകൾ ലഭ്യമാക്കുന്നത് വരെ 47,800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-9 നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിച്ചില്ല. പിഴയിനത്തിൽ കുറവ് വന്ന തുക ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അടവാക്കി

കൊള്ളന്നൂർ എസ്.സി. കോളനി വെള്ളക്കെട്ട് ഒഴിവാക്കലും പൂർത്തീകരണവും (പ്രൊജക്റ്റ് നം. 130/25 ഫണ്ടിനം എസ്.സി.പി) എന്ന പദ്ധതിയ്ക്ക് Agreed PAC 117991 രൂപയാണ്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 4 മാസമാണ്. 23.03.24 തിയ്യതിയിൽ Site Hand Over ചെയ്ത പ്രവൃത്തി 22.07.2024-ന് പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 193 ദിവസം (27.5 ആഴ്ച) വൈകി 31.01.2025നാണ്. പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിരിക്കുന്നത് 1416 രൂപയായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈടാക്കേണ്ട തുക വൈകിയ ആഴ്ച കണക്കാക്കി 27.5 ആഴ്ചയ്ക്ക് PACയായ 1,17,991 രൂപയുടെ 0.1% തുകയായ 3,245 രൂപയായിരുന്നു. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കുറവ് വന്ന തുക 1829 രൂപയ്ക്ക് പകരം 2,000 രൂപ അടവാക്കി രശീതി ഓഡിറ്റിന് ഹാജരാക്കി. (രശീതി നം.R-8080600-25000017/20.06.2025) പിഴ തുക സർക്കാറിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തി വൈകുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-10 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം ലഭ്യമല്ല

വിവേകാനന്ദ റോഡ് കാന നിർമ്മാണം - അടാട്ട് പഞ്ചായത്ത് (പ്രൊജക്റ്റ് നം. 51/25) എന്ന പദ്ധതിയുടെ ഭാഗമായുള്ള കാന നിർമ്മാണത്തിൽ ഇനം നമ്പർ 3.5.1 പ്രകാരം (Earth Work Excavation) 96.035$M^3$ മണ്ണ് നീക്കം ചെയ്തതിന് 1$M^3$ ന് 313.69 രൂപ പ്രകാരം 30125.22 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. അടാട്ട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 08.01.2025 തീരുമാന നമ്പർ 1 പ്രകാരം കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് അടാട്ട് പഞ്ചായത്തിലെ കോൾ പാടത്തിൽ നിക്ഷേപിക്കാനായി തീരുമാനമെടുത്തിട്ടുണ്ട്. ഏകദേശം 35 ലോഡ് മണ്ണ് കോൾപാടത്തിന്റെ ഫാം റോഡുകൾ മണ്ണിട്ട് ബലപ്പെടുത്തുന്നതിനു വേണ്ടി നിക്ഷേപിച്ചതായി കോൾപടവ് കമ്മിറ്റി കൺവീനറുടെ സാക്ഷ്യപത്രം ഫയലിൽ ഉണ്ട്. എന്നാൽ 19.06.2025 തിയ്യതിയിൽ അസി. എഞ്ചിനീയർമൊത്തുള്ള സ്ഥല പരിശോധനയിൽ കോൾപാടത്തിൽ വെള്ളം കയറിയതുമൂലം മണ്ണ് നിക്ഷേപിച്ചതായി കാണാൻ കഴിഞ്ഞില്ല. മ ണ്ണ് ഉപയോഗിച്ച ഫാം റോഡുകൾ ബലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇത്തപ്പാറ കോളനി കാന-സ്ലാബ് നിർമ്മാണം - അവണൂർ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കാന നിർമ്മാണത്തിൽ ഇനം നമ്പർ 11.1.1.1. (Earth Work Excavation) പ്രകാരം 12.108$M^3$ മണ്ണ് നീക്കം ചെയ്തതിന് 1$M^3$ 758 രൂപ പ്രകാരം 9177.80 രൂപയും ഇനം നമ്പർ 11.1.2. പ്രകാരം 19.142$M^3$ മണ്ണ് നീക്കം ചെയ്തതിന് 1$M^3$ 947 രൂപ പ്രകാരം 18127.47 രൂപയും കരാറുകാരന് നല്കിയിട്ടുണ്ട്. (ആകെ 31.25$M^3$ മണ്ണ്) കുഴിച്ചെടുത്ത മണ്ണ് വരടിയം ഗവൺമെന്റ് ജി.യു.പി. സ്കൂൾ കോമ്പൗണ്ടിൽ സ്റ്റാക്ക് ചെയ്തതായി 19.06.2025 തിയ്യതിയിൽ അസി. എഞ്ചിനീയർമൊത്തുള്ള സ്ഥല പരിശോധനയിൽ കണ്ടു. മണ്ണ് ലേലം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.1 തിയ്യതി 19.06.2025)

## 1-11 പഠനമുറി നിർമ്മാണം-പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ്- 60/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

ഫണ്ട്- വികസന ഫണ്ട് (എസ്.സി.പി. ) അടങ്കൽ – 6,00,000

ചെലവ് - 3,80,000

സ.ഉ (കൈ) 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോട് അനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ രണ്ട് ലക്ഷം രൂപ ധനസഹായം നൽകാവുന്നതാണ്. ആയത് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | വൗച്ചർ നമ്പർ/ തീയതി | നിലവിലെ അവസ്ഥ (05/19.06.25 നം. ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി പ്രകാരം) |
|---|---|---|---|
| 1 | ദീപ ഒ. യു. ഒരച്ചാര വീട് ചൂലിശ്ശേരി | 22400820/ 07/02/25 30,000 22401036/ 20.03.25 60,000 22401069/ 24.03.25 80,000 (3 ഗഡുക്കൾ) | നിർമ്മാണം പൂർത്തിയായിട്ടുണ്ട് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 2 | അനിരുദ്ധ് എം. | 22400972/ | മെയിൻ വാർപ്പ് കഴിഞ്ഞു. |

| | | | |
|---|---|---|---|
| | ബി.<br>മച്ചിങ്ങൽ വീട്<br>തോളൂർ | 21.02.25<br>30,000<br>(1 ഗഡു) | |
| 3 | അരുൺ പി. എം.<br>പുതുശ്ശേരി വീട്<br>കോലഴി | 22401031/<br>19.03.25<br>30,000<br>(1 ഗഡു) | ലിൻറൽ വാർപ്പ് കഴിഞ്ഞു. |
| 4 | ശ്രീഷ്മ ടി. എസ്.<br>തൊഴുക്കര വീട്<br>കൊള്ളന്നൂർ<br>കൈപ്പറമ്പ് | 22401031/<br>19.03.25<br>30,000<br>(1 ഗഡു) | ചുമർ ഉയരം ആയി. |
| 5 | അഭിരാം വി. എം.<br>വട്ടേക്കാട്ടിൽ വീട്<br>ഉദയനഗർ<br>അത്താണി | 22401039/<br>20.03.25<br>30,000<br>(1 ഗഡു) | പണി ആരംഭിച്ചു |
| 6 | അനരഞ്ജൻ കെ. ആർ.<br>കാളാട്ട് വീട്<br>മുതുവറ<br>അടാട്ട് | 22401059/<br>22.03.25<br>30,000<br>(1 ഗഡു) | മെയിൻ വാർപ്പ് കഴിഞ്ഞു. |
| 7 | ദേവിനന്ദ സി. എസ്.<br>ചിറയ്ക്കൽ വീട്<br>പുഴക്കൽ<br>ആമ്പക്കാട് | 22401059/<br>22.03.25<br>30,000<br>(1 ഗഡു) | ലിൻറൽ വാർപ്പ് കഴിഞ്ഞു. |
| 8 | അഭിനവ് സാജൻ<br>തെക്കേപ്പുറത്ത് വീട്<br>എടക്കളത്തൂർ<br>തോളൂർ | 22401069/<br>24.03.25<br>30,000<br>(1 ഗഡു) | ബിൽഡിംഗ് പെർമ്മിറ്റ് ലഭിക്കാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല. |

പഠനമുറികളുടെ നിർമ്മാണപുരോഗതി വിലയിരുത്തേണ്ടതും പൂർത്തീകരിക്കുന്നതിനനുസരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 05/20.06.2025)

## 1-12 സർക്കാർ ഉത്തരവിന് അനുസൃതമായി കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -- സെക്രട്ടറി

സപ്ലൈ ചെയ്ത സ്ഥാപനം -- വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളം

സർക്കുലർ നം.86/10/ഫിൻ തീ.24.09.2010 പ്രകാരം കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ തൻവർഷം സെക്രട്ടറി വിവിധ പ്രോജക്ടുകളിലായി കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങിയതിന്റെ വിവരങ്ങൾ മേൽ സർക്കാർ ഉത്തരവ് നിർദ്ദേശിക്കും പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | വൗച്ചർ നമ്പർ/ തുക | ഇൻവോയ്സ് നമ്പർ | ഇനം |
|---|---|---|---|
| 7/25 – പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് ഐ.സ്.ഒ തുടർ പ്രവർത്തനങ്ങൾ | 22400913/ 22.11.24 – 97,870 (വികസനഫണ്ട് ജനറൽ) | VMB *24-25-216/* 12.7.24 | ACER VERITONE PC |
| | | VMB *24-25-214/* 12.7.24 | EPSON INK TANK PRINTER – |
| | | VMB *24-25-269/ 30.7.24* | ACER LCD Monitor |
| | | VMB *24-25-218/ 12.7.24* | Hykon 600V Line Interactive UPS – 4 Nos |
| | 22401020/ 15.3.25 – 29,400 (വികസനഫണ്ട് ജനറൽ) | VMB *24-25-1923/ 14.3.25* | Canon Laser Printer |
| 166/25 – തോളൂർ സി.എച്ച്.സി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി വിവര സാങ്കേതിക ഉപകരണങ്ങളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങൽ | 22400206/ 23.8.24 -- 1,26,295 (ഹെൽത്ത് ഗ്രാന്റ്) | VMB *24-25-217/ 12.7.24* | Acer PC – 2 Nos |
| | | VMB *24-25-546/ 15.7.24* | HP Laser Jet Printer |

(ഓഡിറ്റ് എൻക്വയറി 3/19.6.25)

മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-13 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 67/25 – പ്രകൃതി കുടിവെള്ള പദ്ധതി - കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് 7 | 22400630/ 30.3.2025 | 48,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് തൃശ്ശൂർ |
| 27/25 – ഇരുത്ത് കുടിവെള്ള പദ്ധതി - കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വാർഡ് 1 | 22400629/ 30.3.2025 | 47,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് തൃശ്ശൂർ |
| 194 /25 വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് | 22400626/29.3.2025 | 2,00,000 (തനതുഫണ്ട്) | ശുചിത്വമിഷൻ |
| 5/25 – ഐ കെ എംന്ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 22400912/ 22.11.2024 | 47,395 (വികസനഫണ്ട് ജനറൽ) | ഐ.കെ.എം |
| 13/25 – സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 22401049/ 21.3.2025 | 50,000 (വികസനഫണ്ട് ജനറൽ) | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസ വകുപ്പ് |
| | 22400627/ 29.3.2025 | 91,774 (തനതുഫണ്ട്) | ബ്ലോക്ക് പഞ്ചായത്ത് |

ഭൂജലവകുപ്പുമായുള്ള കരാർ ഇനം 7 പ്രകാരം കരാർ വച്ചത് മുതൽ മൂന്ന് മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. ഇനം 8 പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഒരു മാസത്തിനുള്ളിൽ ഫൈനൽ ബിൽ, ധനവിനിയോഗപത്രം എന്നിവ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. കുടിവെള്ള പദ്ധതിക്കായി കുഴൽക്കിണർ സ്ഥാപിക്കുന്നതിന് മാത്രമായാണ് ഭൂജലവകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക കൈപ്പറ്റിയിട്ടുള്ളത്. പ്രവൃത്തി മുഴുവനായും നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

മറ്റ് അപാകതകൾ

13/25 – സമേതം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ പ്രോജക്ടിൽ വൗച്ചർ നം.22400627/29.3.25 --

91774 രൂപയുടെ ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 3/19.6.25)

ഒരു പ്രോജക്ടിൽ വിവക്ഷിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ട് താണ്. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം, ഫൈനൽ ബില്ല്, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സംയുക്തപ്രോജക്ടുകൾ -- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

സെക്രട്ടറി നടപ്പാക്കിയ സംയുക്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

